File No.DT/2022/2019-H2

"ഭരണഭാഷ-മാതൃഭാഷ"

**വ്യാവസായിക പരിശീലനവകുപ്പ്**

**(കേരളസംസ്ഥാനം)**

തൊഴിൽ ഭവൻ, തിരുവനന്തപുരം

നമ്പർ: ഡി റ്റി/2022/19-എച്ച് 2 തീയതി: 04/07/2019

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലനം വകുപ്പ് - സർട്ടിഫിക്കറ്റ് വിഭാഗം - സർട്ടിഫിക്കറ്റുകൾ പൂരിപ്പിക്കുന്നതിലെ അപാകതകൾ പരിഹരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ഈ കാര്യാലയത്തിൽ നിന്നുള്ള 29.3.2019 ലെ ഇതേ നമ്പരായ ചുറ്ററിയിപ്പ്.

------

സൂചന അറിയിപ്പ് പ്രകാരം എസ്.ടി.സികൾ, പി.എസ്.ടി.സികൾ, പി.എൻ.ടി.സികൾ, എൻ.എ.സികൾ, പി.എൻ.എ.സികൾ എന്നിവ ഉൾപ്പെടെയുള്ള സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുന്നത് സംബന്ധിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു . എന്നാൽ ഈ കാര്യാലയത്തിലേയ്ക്ക് മേലൊപ്പ് ചാർത്തുന്നതിനായി ലഭിക്കുന്ന ധാരാളം സർട്ടിഫിക്കറ്റുകൾ ടി നിർദ്ദേശങ്ങൾ പാലിക്കാതെയും, അലക്ഷ്യമായും പൂരിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, സൂചനയിലെ ചുറ്ററിയിപ്പിലെ നിർദ്ദേശങ്ങൾ പാലിച്ചാണ് സർട്ടിഫിക്കറ്റുകൾ തയ്യാർ ചെയ്തിരിക്കുന്നത് എന്ന് ഓഫീസ് മേലധികാരികൾ ഒപ്പ് ചാർത്തുന്നതിനുമുൻപ് കർശനമായും ഉറപ്പ വരുത്തേണ്ടതാണ്. അപാകത കണ്ടെത്തുന്ന സർട്ടിഫിക്കറ്റുകൾ മേലൊപ്പ് ചാർത്താൻ ഒരു കാരണവശാലും സമർപ്പിക്കാൻ പാടുള്ളതല്ല. പകരം പുതിയ ബ്ലാങ്ക് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി, അവ റദ്ദ് ചെയ്ത് തുക ഒടുക്കിയ അസ്സൽ ചലാൻ രസീതിനൊപ്പം ഈ കാര്യാലയത്തിലേക്ക് പ്രത്യേകം അയച്ച തരേണ്ടതാണ്.

MADHAVAN P K
ADDITIONAL DIRECTOR
**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

**സ്വീകർത്താവ്:**

1. എല്ലാ സർക്കാർ/ പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
2. എല്ലാ അസിസ്റ്റന്റ് അപ്രന്റീസ്ഷിപ് അഡ്വൈസർമാർക്കും

പകർപ്പ്:

1. അഡീഷണൽ ഡയറക്ടറുടെ സി.എ
2. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ട്രെയിനിംഗ് (ഇൻ ചാർജ്ജ്)